**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1512** **19-06-2024 - ൽ മറുപടിയ്ക്ക്**

**തൊഴിലാളികൾക്കുള്ള സേവന ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. മുരളി പെരുനെല്ലി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സേവന ആനുകൂല്യങ്ങൾ സംരക്ഷിക്കുന്നതിനും പെൻഷൻ ലഭ്യമാക്കുന്നതിനുമായി പ്രത്യേക പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സേവന ആനുകൂല്യങ്ങൾ സംരക്ഷിക്കുന്നതിനും പെൻഷൻ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി മേഖലയിലെ ക്ഷേമനിധി ബോർഡുകളിലൂടെ ക്ഷേമനിധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇത്തരം ക്ഷേമനിധി പദ്ധതികളിൽ അംഗത്വം നേടിയിട്ടില്ലാത്ത സ്വയം തൊഴിൽ ചെയ്യുന്നവരുൾപ്പെടെയുള്ള അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വം നേടാവുന്നതാണ്. പദ്ധതികളിൽ അംഗത്വം നേടുന്ന മുറയ്ക്ക് തൊഴിലാളികൾ വ്യവസ്ഥകൾക്ക് വിധേയമായി അതത് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിവിധ ആനുകൂല്യങ്ങൾക്ക് അർഹത നേടുന്നതാണ്. സർക്കാർ ധനസഹായത്തോടെ, 60 വയസ് പൂർത്തിയാക്കിയ ടി ബോർഡുകളിലെ അർഹരായ തൊഴിലാളികൾക്ക് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിച്ചിരിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷന്റെ അതേ നിരക്കിലുള്ള പെൻഷൻ അനുവദിച്ചു വരുന്നു. കൂടാതെ 01.01.2012-ൽ നിലവിൽ വന്ന കേരള മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി വഴി മറ്റ് ക്ഷേമനിധി പദ്ധതികളിൽ അംഗത്വം നേടിയിട്ടില്ലാത്ത മരംകയറ്റ തൊഴിലാളി ധനസഹായപദ്ധതി വഴി ആനുകൂല്യങ്ങൾ ലഭിക്കുന്ന തൊഴിലാളികൾക്കോ അവരുടെ ആശ്രിതർക്കോ 1600/- രൂപ പ്രതിമാസ പെൻഷൻ അനുവദിച്ചുവരുന്നു. |
| (ബി) | പ്രസ്തുത തൊഴിലാളികൾക്ക് മാരകമായ രോഗം പിടിപെടുകയോ ജോലിയ്ക്കിടയിൽ അപകടം സംഭവിക്കുകയോ ചെയ്താൽ ധനസഹായം നൽകി വരുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | ഉണ്ട്. തൊഴിൽ വകുപ്പിന് കീഴിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ ക്ഷേമനിധി പദ്ധതികൾ/ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി എന്നിവ വഴി അതത് പദ്ധതിയുടെ നിയമാവലിക്കനുസരണമായി തൊഴിലാളികൾക്ക് മാരകമായ രോഗം പിടിപെടുകയോ ജോലിയ്ക്കിടയിൽ അപകടം സംഭവിക്കുകയോ ചെയ്താൽ നൽകി വരുന്ന ധനസഹായം സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു. |

| ക്രമനം | ബോർഡ് | ധനസഹായം സംബന്ധിച്ച വിവരം |
|---|---|---|
| 1 | കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ് | പരമാവധി 10,000/- രൂപ |
| 2 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | പരമാവധി 10,000/- രൂപ |
| 3 | കേരള കർഷക തൊഴിലാളി | 3 വർഷത്തിലൊരിക്കൽ പരമാവധി 4,000/- രൂപ വരെ പ്രതിപൂരണം ചെയ്തു നൽകി വരുന്നു. |

| | | |
|---|---|---|
| | ക്ഷേമനിധി ബോർഡ് | |
| 4 | കേരള ഷോപ്പ്സ് ആന്റ് കമേഷ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് | പരമാവധി 10,000/- രൂപ |
| 5 | കേരള ബിഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | പരമാവധി 10,000/- രൂപ |
| 6 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | 25,000/- രൂപ ഒറ്റത്തവണയായി നൽകി വരുന്നു |
| 7 | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | അംഗത്വ കാലയളവിൽ പരമാവധി 25,000/- രൂപ |
| 8 | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | പരമാവധി 10,000/- രൂപ |
| 9 | കേരള ചുമട്ട തൊഴിലാളി ക്ഷേമനിധി ബോർഡ് | 15,000/- രൂപ |
| 10 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | പരമാവധി 10,000/- രൂപ |
| 11 | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് | മാരക രോഗ ചികിത്സാ സഹായമായി 50,000/- രൂപയും ജോലിക്കിടെയുള്ളഅപകടത്തെത്തുടർന്ന് 50% മുതൽ 100% വരെ അവശത സംഭവിക്കുന്ന തൊഴിലാളികൾക്ക് അവശതയുടെ ശതമാനത്തിന് ആനുപാതികമായി പരമാവധി 1 ലക്ഷം രൂപ വരെയും സഹായം നൽകി വരുന്നു. |
| 12 | കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ് | എക്സ്ഗ്രേഷ്യാ ധനസഹായമായി 2500/- രൂപ |

കൂടാതെ ഏതെങ്കിലും ക്ഷേമ പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ലാത്തവരും എന്നാൽ ദിവസ വേതന തൊഴിലാളികളുടെ നിർവചനത്തിൽ വരുന്നവരുമായ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ

| | | | |
|---|---|---|---|
| | | | പരിക്ക് പറ്റിയാൽ ധനസഹായം നൽകുന്നതിനായി തൊഴിൽ വകുപ്പിന് കീഴിൽ 2007-08 വർഷം മുതൽ അസംഘടിത ദിവസ വേതന തൊഴിലാളികൾക്കുള്ള ആശ്വാസ നിധി നടപ്പിലാക്കി വരുന്നു. ജില്ലാ ലേബർ ഓഫീസർമാർ മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ നിലവിൽ 2000/- രൂപ ധനസഹായമായി നൽകി വരുന്നു. |
| (സി) | മരം കയറ്റ തൊഴിലാളികൾക്ക് പ്രത്യേക ക്ഷേമ പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദവിവരങ്ങൾ അറിയിക്കാമോ; | (സി) | മരം കയറ്റ തൊഴിലാളികൾക്കായി കേരള മരംകയറ്റ തൊഴിലാളി ധനസഹായം, കേരള മരംകയറ്റ തൊഴിലാളി അവശത പെൻഷൻ പദ്ധതി എന്നിങ്ങനെ രണ്ട് പ്രത്യേക ക്ഷേമ പദ്ധതികൾ നിലവിലുണ്ട്.<br><br>**<u>കേരള മരംകയറ്റ തൊഴിലാളി ധനസഹായം</u>**<br><br>മരം കയറ്റ തൊഴിലിനിടെ അപകടം/മരണം സംഭവിക്കുന്നവർക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. സ്ഥായിയായ അവശത സംഭവിക്കുന്നവർക്ക് 50,000/- രൂപയും മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് 1,00,000/- രൂപയും അനുവദിക്കുന്നു.<br><br>**<u>കേരള മരംകയറ്റ തൊഴിലാളി അവശത പെൻഷൻ പദ്ധതി:</u>**<br><br>മരംകയറ്റ തൊഴിലാളി ധനസഹായപദ്ധതി വഴി ആനുകൂല്യങ്ങൾ ലഭ്യമായ തൊഴിലാളികൾക്കോ അവരുടെ ആശ്രിതർക്കോ പെൻഷൻ നൽകുന്നതാണ് കേരള മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി. ടി പദ്ധതി 01.01.2012-ലാണ് നിലവിൽ വന്നത്. നിലവിൽ 1600/- രൂപയാണ് പ്രതിമാസ പെൻഷൻ. |
| (ഡി) | അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യം ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | രൂപീകരിച്ചിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകൾക്ക് കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട് ഏറ്റവും കുറഞ്ഞത് ഒരു വർഷകാലയളവെങ്കിലും പൂർത്തിയാക്കിയ സ്ത്രീ തൊഴിലാളികൾക്ക് രണ്ട് പ്രസവത്തിന് മാത്രമേ ആനുകൂല്യം അനുവദിക്കുകയുള്ളൂ എന്ന വ്യവസ്ഥയിൽ 15000/- രൂപ ബോർഡുകൾ വിതരണം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ